**File No.LSGD-IB1/244/2019-LSGD**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി - തിരുവനന്തപുരം ചീഫ് ടൗൺ പ്ലാനർ ഓഫീസിലെ സീനിയർ ടൗൺ പ്ലാനർ ശ്രീ. എച്ച്. പ്രശാന്തിനെ കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ സെക്രട്ടറി (ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.2763/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/12/2019

---

പരാമർശം:- 1 10.05.2013-ലെ സർക്കുലർ നമ്പർ 42/2013/ധന

2 28.11.2013-ലെ സ.ഉ.(പി)നം. 580/2013/ധന

3 25.02.2016-ലെ സ.ഉ.(കൈ)നം. 40/2016/ത.സ്വ.ഭ.വ

4 16.08.2019-ലെ സ.ഉ.(കൈ)നം. 106/2019/ത.സ്വ.ഭ.വ

5 05.10.2019-ലെ സ.ഉ.(പി)നം. 65/2019/ത.സ്വ.ഭ.വ

6 05.10.2019-ലെ സ.ഉ.(പി)നം. 66/2019/ത.സ്വ.ഭ.വ

7 ചീഫ് ടൌൺ പ്ലാനറുടെ 29.10.2019- ലെ ടി.സി.പി.സി.ടി.പി./2410/2019-എ5- നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്ര നിയമമായ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട്, 2016 (Central Act 16 of 2016)-ന്റെ സെക്ഷൻ 20(1) പ്രകാരം, ആക്ട് നിലവിൽ വന്ന് ഒരു വർഷത്തിനുള്ളിൽ അതാത് സംസ്ഥാനങ്ങൾ റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം(5)പ്രകാരം കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിച്ചുകൊണ്ടും പരാമർശം(6) പ്രകാരം ചെയർമാനെയും മെമ്പർമാരെയും നിയമിച്ചു കൊണ്ടും സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും അതോറിറ്റി സംസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2. 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ടും ഇതിനനുസൃതമായി സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്ത 2018-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റൂൾസും നിലവിൽ വരുന്നതിനു മുൻപ് സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി പരാമർശം(3) പ്രകാരം സൃഷ്ടിച്ച തസ്തികകൾ തുടരുന്നതിന് പരാമർശം (4) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം അനുവദിച്ചിട്ടുള്ള സെക്രട്ടറി

(ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള ഉദ്യോഗസ്ഥരുടെ പാനൽ പരാമർശം (7) പ്രകാരം ചീഫ് ടൌൺ പ്ലാനർ ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ചീഫ് ടൌൺ പ്ലാനർ ഓഫീസിലെ സീനിയർ ടൗൺ പ്ലാനറായ ശ്രീ. എച്ച്. പ്രശാന്തിനെ പരാമർശം(5)പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ പരാമർശം (4) പ്രകാരം അനുവദിച്ചിട്ടുള്ള സെക്രട്ടറി (ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം 1 ചട്ടം 140 (C) യിലെ വ്യവസ്ഥകൾക്കും അന്യത്ര സേവനത്തിന് ബാധകമായ നിലവിലുള്ള മാനദണ്ഡങ്ങൾക്കും വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
ചെയർമാൻ, കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം
മുഖ്യ നഗരാസൂത്രകൻ,തിരുവനന്തപുരം.
ശ്രീ. എച്ച്. പ്രശാന്ത്,സീനിയർ ടൗൺ പ്ലാനർ, O/o ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Anjulal
സെക്ഷൻ ഓഫീസർ